ഫീസു് വഛിപ്പിക്കുന്നതിൽ ആക്ഷേപം ബോധിപ്പിച്ചും മറ്റും വല്ല നിവേദനങ്ങളും മറ്റും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ നിവേദനങ്ങളുടെ പകർപ്പു് മേശപ്പുറത്തു വെക്കുമോ;

(ബി) അവരുടെ ഈ സങ്കടപരിഹാരം ചെയ്യുന്ന വിഷയത്തിൽ എന്തു നടപടിയാണു് എടുത്തിട്ടുള്ളതു് ?

മിസ്റ്റർ സി. ജെ. മാത്യു:

(എ) ഉവ്വു്. പകർപ്പു മേശപ്പുറത്തു വെച്ചിരിക്കുന്നു.

(ബി) അന്വേഷണം നടത്തിയതിൽ ലൈസൻസു ഫീസു ഇക്കൊല്ലം കൂട്ടുകയുണ്ടായിട്ടില്ലെന്നു് അറിവായിരിക്കുന്നു.

SALE OF CERTAIN BOOKS INTENDED FOR D. C. PUPILS—PAZHANJI SCHOOL

664. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) പഴഞ്ഞി സി. എം. ഇ. സ്കൂളിലെ അധഃകൃത വിദ്യാർത്ഥികൾക്കായി അധഃകൃതസംരക്ഷണ ഡിപ്പാർട്ടുമെണ്ടിൽനിന്നും സ്റ്റോം അധികൃതർ വാങ്ങിയ പുസ്തകം മുതലായവ പഴഞ്ഞി അങ്ങാടിയിലെ ചില കച്ചവടക്കാർ സ്റ്റോം അധികാരികളിൽനിന്നും വാങ്ങി വില്പന നടത്തിയതായി അധഃകൃത സംരക്ഷകൻ അറിവുണ്ടോ;

(ബി) വിറ്റതു കഴിച്ചു ഷോപ്പിൽ ബാക്കിവെച്ചിരുന്ന പുസ്തകങ്ങൾ അധഃകൃതസംരക്ഷകനും അന്നത്തെ സ്റ്റോം ഡെപ്യൂട്ടി ഇൻസ്പെക്ടരും കാണുകയുണ്ടായോ;

(സി) സ്റ്റോം ഹെഡ്മാസ്റ്റർ ടി സ്കൂളിലെ അധഃകൃത വിദ്യാർത്ഥികൾക്കു് പുസ്തകങ്ങൾ തികച്ചും കൊടുക്കാതെയാണു് അവരുടെ ഒപ്പു വാങ്ങി അധികൃതരെ ബോദ്ധ്യപ്പെടുത്തിയിരുന്നതു് എന്നു അധഃകൃതസംരക്ഷകനു ബോദ്ധ്യമായിട്ടില്ലെ;

(ഡി) ഹെഡ്മാസ്റ്റർ കുറ്റം സമ്മതിച്ചു് അപ്പ്ലിഫ്ട് ഇൻസ്പെക്ടർക്കു സ്റ്റേറ്റുമെൻറു കൊടുത്തിട്ടില്ലെ; ഉണ്ടെങ്കിൽ അതിന്റെ ഒരു കോപ്പി മേശപ്പുറത്തു വെക്കാമോ;

(ഇ) സ്റ്റോം അധികാരിയുടെ ഈ അനീതിയെപ്പറ്റി അധഃകൃതസംരക്ഷകൻ ഗവൺമെണ്ടിലേക്കു റിപ്പോർട്ടു ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു്;

(എഫ്) സ്റ്റോം അധികാരിയുടെ ഈ അപഹരണം ഗുരുതരമായ ഒരു കുറ്റമാണെന്നു് ഗവൺമെണ്ടിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഹെഡ്മാസ്റ്ററുടെ മേൽ എന്തു നടപടിയാണു് ഗവൺമെണ്ടു് നടത്തിയതു് ?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) അധഃകൃത കുട്ടികൾക്കു കൊടുത്തതാണെന്നു പറയപ്പെടുന്ന ചില പുസ്തകങ്ങൾ ഒരു പീടികയിൽ അധഃകൃതസംരക്ഷകൻ കാണുകയുണ്ടായി.

(ബി) ഷാപ്പു പരിശോധിക്കുമ്പോൾ സ്റ്റോം ഡിപ്യൂട്ടി ഇൻസ്പെക്ടരും കൂടിയുണ്ടായിരുന്നു.

(സി) ഉവ്വു്.

(ഡി) ചില സംഗതികൾ സമ്മതിച്ചു സ്റ്റേറ്റുമെണ്ടു് കൊടുത്തിട്ടുണ്ടു്. സ്റ്റേറ്റുമെണ്ടിൽനിന്നു് ഇതു സംബന്ധമായ ഭാഗങ്ങൾ താഴെ ചേർത്തിരിക്കുന്നു.

(ഇ) ഉവ്വു് ഡ ഴ — വ — ഫ ഫൻ-ൽ.

(എഫ്) കണക്കുകളും മറ്റും ശരിക്കുവെച്ചിട്ടില്ലെന്നു ബോദ്ധ്യമായിട്ടുണ്ടു്. ബാക്കി സംഗതികളിൽ നിശ്ചിതമായ തെളിവുകളില്ല. മേലിൽ കണക്കുകളും മറ്റും ശരിയായി വെക്കേണ്ടതാണെന്നു സ്റ്റോം അധികൃതന്മാരെ പ്രത്യേകം താക്കീതു് ചെയ്തിട്ടുണ്ടു്.

വടക്കെഡിവിഷൻ അപ്പ്ലിഫ്ട് ഇൻസ്പെക്ടർ മുമ്പാകെ പഴഞ്ഞി സി. എം. ഇ. സ്കൂളിലെ ഹെഡ്മാസ്റ്റർ സി. എം. ഇട്ടൂപ്പു് ബോധിപ്പിക്കുന്ന

സ്റ്റേറ്റുമെണ്ടു്

ഫ ഫ ഫൻ-ലേക്കുള്ള അധഃകൃത കുട്ടികളുടെ പുസ്തകങ്ങൾ വാങ്ങിച്ചുകൂട്ടത്തിൽ എനിക്കു ഡ ഴ Map Drawing പുസ്തകം കിട്ടിയിട്ടുണ്ടു്. അതു ഞാൻ കുട്ടികൾക്കു കൊടുത്തിട്ടില്ല. ഇഷ്യൂ റജിസ്റ്റിൽ കൊടുത്തു എന്നു എഴുതീട്ടുള്ളതു് ശരിയല്ല. ഈ പുസ്തകം ഇപ്പോഴും കാണിച്ചുതരുവാൻ നിവൃത്തിയില്ല. ഈ പുസ്തകം ഇപ്പോൾ സ്കൂളിൽ ഇല്ല എന്നു ഫ ഫ ഫൻ മകരമാസം ഫർ-ാംനു- വായിച്ചുനോക്കി. ശരി എന്നു ഹെഡ്മാസ്റ്റർ (ഒപ്പു്).

LIBRARY ARCHIVES Kerala Legislative Assembly